**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 507** **09-07-2024 - ൽ മറുപടിയ്ക്ക്**

**നികുതി ചോർച്ച തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾ നൽകുമ്പോഴും പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരിലേയ്ക്ക് എത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ദൃശ്യ, ശ്രാവ്യ, അച്ചടി സാമൂഹ്യ മാദ്ധ്യമങ്ങൾ മുഖേന ബില്ലുകൾ നൽകേണ്ടതിന്റേയും, ചോദിച്ച് വാങ്ങേണ്ടതിന്റേയും പ്രാധാന്യം ചൂണ്ടിക്കാണിച്ച് കൊണ്ട് SGST വകുപ്പ് ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്.<br><br>ബിൽ ചോദിച്ചുവാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി സംസ്ഥാനത്ത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി ജി എസ് ടി വകുപ്പ് 2022-23 വർഷത്തിൽ ലക്കി ബിൽ പദ്ധതി നടപ്പിലാക്കി. |
| (ബി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കിയതിലൂടെ, ബില്ലുകൾ ചോദിച്ച് വാങ്ങുന്നതിന് ജനങ്ങൾക്ക് കൂടുതൽ താല്പര്യം ഉണ്ടാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദാംശം നൽകാമോ? | (ബി) | ലക്കി ബിൽ സംവിധാനം കൂടുതൽ ജനങ്ങൾ ബില്ലുകൾ ചോദിച്ചുവാങ്ങുന്നതിന് പ്രേരണയാകും. സമാഹരിച്ച ബില്ലുകൾ ഇന്റലിജൻസ് വിഭാഗവും, ഓഡിറ്റ് വിഭാഗവും നികുതി വെട്ടിപ്പ് തടയുന്നതിന് ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ